തീയതി 17.08.2017

# എം.എൽ.എ മാർക്കും എം.പി മാർക്കുമുള്ള റസ്റ്റ് ഹൗസ് നിരക്കുകൾ കുറച്ചു

ഗവൺമെന്റ് ഗസ്റ്റ് ഹൗസുകളെ അപേക്ഷിച്ച് എം.എൽ.എ മാരിൽ നിന്നും എം.പി മാരിൽ നിന്നും പൊതുമരാമത്ത് റസ്റ്റ് ഹൗസുകളിൽ ഈടാക്കി വന്നിരുന്ന ഉയർന്ന നിരക്കുകൾ പിൻവലിക്കാനും പകരം ഗസ്റ്റ് ഹൗസുകളിലെ പോലെ ദിവസ വാടക 50/- രൂപ ആക്കാനും എയർകണ്ടീഷൻ വാടക ദിനംപ്രതി 25/- രൂപ ഈടാക്കാനും മന്ത്രി ജി. സുധാകരൻ ഉത്തരവിട്ടു. ഈ നിരക്കുകൾ ഈ സർക്കാർ അധികാരത്തിൽ വന്ന നാൾ മുതൽ മുൻകാല പ്രാബല്യത്തോടെ നടപ്പാക്കും. എന്നാൽ ഗവൺമെന്റ് ഗസ്റ്റ് ഹൗസുകളിലേക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് റസ്റ്റ് ഹൗസുകളിൽ മുറികൾ വാടകയ്ക്ക് നൽകിയിരുന്നത്. തന്മൂലം വൻ നഷ്ടത്തിലാണ് റസ്റ്റ് ഹൗസുകൾ പ്രവർത്തിച്ച് വന്നിരുന്നത്. ഈ നിരക്കുകൾ കാലോചിതമായി പരിഷ്കരിച്ച് ഉയർത്തുമെന്നും മന്ത്രി ജി.സുധാകരൻ അറിയിച്ചു.